പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 157 **26-10-2026-ൽ മറുപടിയ്ക്ക്**

ജി.എസ്.ടി. വരുമാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) 2017-ൽ ജി.എസ്.ടി. നടപ്പാക്കിയ ശേഷം പ്രതിമാസ വരുമാനത്തിൽ 2026 സെപ്റ്റംബർ മാസം റെക്കോർഡ് വരുമാനം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

മറുപടി:

2026-2027 സാമ്പത്തിക വർഷത്തെ സെപ്റ്റംബർ മാസത്തെ സംസ്ഥാനത്തിന്റെ ജി.എസ്.റ്റി. വരുമാനം ട്രഷറി വകുപ്പിന്റെ പ്രാഥമിക കണക്ക് പ്രകാരം 3448.84 കോടി രൂപയും 2025-2026 സാമ്പത്തിക വർഷത്തെ സെപ്റ്റംബർ മാസത്തെ സംസ്ഥാനത്തിന്റെ ജി.എസ്.റ്റി വരുമാനം 3143.36 കോടി രൂപയുമാണ്. ഈ കാലയളവിൽ സംസ്ഥാനത്തിന്റെ ജി.എസ്.റ്റി. വരുമാനത്തിൽ 9.72 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയത്.

(ബി) ഓണത്തോടനുബന്ധിച്ച് ക്ഷേമപെൻഷൻ, ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത, വിവിധ വിഭാഗങ്ങൾക്ക് ധനസഹായം, സപ്ലൈകോ വഴി വില കുറച്ച് ഉൽപന്ന വിൽപന തുടങ്ങിയവയ്ക്ക് സർക്കാർ പതിനായിരം കോടിയിലേറെ രൂപ ചെലവിട്ടിരുന്നോ; വിശദമാക്കുമോ;

മറുപടി: 2026-27 ആഗസ്റ്റ് മാസം വരെയുള്ള സർക്കാരിന്റെ ആകെ തനി ചെലവ് 91,408 കോടി രൂപയാണ്. ഇത് മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 77,258/- കോടി രൂപയായിരുന്നു. ഇത് കാണിക്കുന്നത് നടപ്പ് സാമ്പത്തിക വർഷം ഇതേ കാലയളവിൽ മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സർക്കാർ വിവിധ ക്ഷേമവികസന പ്രവർത്തനങ്ങൾക്കായി പതിനായിരത്തിലധികം കോടി രൂപ അധികമായി ചെലവഴിച്ചുവെന്നാണ്.ഓണത്തോടനുബന്ധിച്ച് 2026 ആഗസ്റ്റ് മാസത്തിലാണ് ക്ഷേമപെൻഷൻ വിതരണം നടത്തിയിട്ടുള്ളത്. 2026 ആഗസ്റ്റ് മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി 17.08.2026 ലെ സ.ഉ.(സാധാ)നം.6527/2026/ധന ഉത്തരവ് പ്രകാരം 951,39,96,200/- രൂപയും, സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിനായി 18.08.2026 ലെ സ.ഉ.(സാധാ) നം.6532/2026/ധന പ്രകാരം 130,31,69,200/- രൂപയും അനുവദിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള ബോണസ്, ഉത്സവബത്ത എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബോണസ് - Rs.54,14,53,500.00 (Rupees Fifty-Four Crore Fourteen Lakh Fifty-Three Thousand Five Hundred Only)

ഉത്സവബത്ത – Rs.118,41,60,000.00 (Rupees One Hundred Eighteen Crore Forty One Lakh Sixty Thousand Only)

2026 ഓണത്തോടനുബന്ധിച്ച് വിപണിയിടപെടൽ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് 253 കോടി രൂപ അനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ഈ പണത്തിന്റെ നല്ലൊരു പങ്ക് മണി സർക്കുലേഷനിലൂടെ ഉൽപ്പന്നങ്ങൾ വാങ്ങാനും മറ്റുമായി ജനം വിപണിയിൽ ചെലവിട്ടതാണോ ജി.എസ്.ടി വരുമാനം റെക്കോർഡിലെത്താൻ കാരണമെന്ന് വ്യക്തമാക്കുമോ; വരും മാസങ്ങളിലും ജി.എസ്.ടി വരുമാനത്തിൽ ഈ വിധത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ജി എസ് ടി വരുമാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. നികുതി നിരക്കിലോ വിലയിലോ ഉണ്ടാകുന്ന മാറ്റം ഉൽസവ/ആഘോഷ സീസൺ അനുസരിച്ചു സാധന/ സേവനങ്ങൾക്കുണ്ടാകുന്ന ഡിമാന്റിലെ ഏറ്റകുറച്ചിലുകൾ എന്നിവ വിപണിയിലെ ചലനത്തിൽ മാറ്റമുണ്ടാക്കുന്നതിനും അതുവഴി നികുതി വരുമാനത്തിൽ വ്യത്യാസം ഉണ്ടാകുന്നതിനും കാരണമാകാവുന്ന ഘടകങ്ങളാണ്.

ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ചംക്രമണ ശേഷി വ്യാപിക്കുന്നതിനും വിപണിയിലെ ഡിമാൻഡ് വർദ്ധിപ്പിക്കുന്നതിനും കാരണമാകാവുന്ന ഘടകമാണ്. പ്രസ്തുത ഡിമാൻഡ് വർദ്ധനവിന് ആനുപാതികമായി നികുതി വരുമാനത്തിലും വർദ്ധനവ് പ്രതിഫലിക്കുന്നതാണ്.

പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം, വരും മാസങ്ങളിലെ വരുമാനവും ചേർത്ത് ഈ സാമ്പത്തിക വർഷത്തിൽ ആകെ ജി എസ് ടി വരുമാനമായി 39,900.51 കോടി രൂപ പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

തീയതി	സർക്കാർ ഉത്തരവ്	തുക കോടിയിൽ	വിശദാംശങ്ങൾ
08.07.2026	GO(Rt)No.166/2026/F&CS	200.00	വിപണിയിടപെടൽ പദ്ധതി
15.07.2026	GO(Rt)No.168/2026/F&CS	53.00	AAY റേഷൻ കാർഡുടമകൾക്കും സാമൂഹികക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമുള്ള സൗജന്യ 2026 ഓണക്കിറ്റ്
	ആകെ	253.00	

Jagnu

സെക്ഷൻ ഓഫീസർ